റബ്ബറൈസ്ഡ് റോഡുകൾ

16 (*195)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ റബ്ബറൈസ്ഡ് റോഡുകൾ കേരളത്തിൽ നിർമ്മിക്കുമെന്ന് കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹന ഗതാഗതം സുഗമമാക്കാനും റബ്ബറിന്റെ വിലയിടിവ് തടയാനും ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി)&(സി) സാർവദേശീയമായി നടത്തിയ പല പരീക്ഷണ നിരീക്ഷണങ്ങളിൽനിന്നും റബ്ബറൈസേഷൻ വഴി റോഡുകൾക്ക് ആയുർദൈർഘ്യം ഇരട്ടിയായി വർദ്ധിക്കുമെന്നും വഴുക്കലില്ലാത്ത പ്രതലം കൈവരുമെന്നും തെളിഞ്ഞിട്ടുണ്ട്. വ്യാപകമായി റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുക എന്ന ലക്ഷ്യം മുൻ നിർത്തി കൊച്ചിൻ റിഫൈനറിയോട് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപാദിപ്പിക്കാൻ ആവശ്യപ്പെടുകയും അവരതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഒരു സൂക്ഷ്മമാവുക (Proto type) ഇതിനകം കൊച്ചിൻ റിഫൈനറീസ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ പരീക്ഷണങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. അധികമായി പതഞ്ഞു പൊങ്ങുന്നത് തടയുന്നതിനും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനും വേണ്ടി റിഫൈനറിയിൽ വച്ചുതന്നെ റബ്ബറും ബിറ്റുമിനും കലർത്തേണ്ടതായിട്ടുണ്ട്. ചെലവ് ചുരുക്കൽ, കുറഞ്ഞ ഊർജ്ജ ഉപഭോഗം, കൂടുതൽ സുരക്ഷിതത്വം, ഗുണനിയന്ത്രണം, രൂപഭേദം വന്ന ബിറ്റുമിന്റെ ഗുണസ്ഥിരത എന്നിവ റിഫൈനറിയിൽ വച്ച് ലാറ്റക്സ് ബിറ്റുമിനുമായി കലർത്തുന്നതുമൂലമുള്ള മേന്മകളാണ്. പ്രാരംഭമെന്ന നിലയ്ക്ക് 15000 ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡി.പി.ഇ.പി. ധനസഹായം

17 (*196)പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതി പ്രകാരമുള്ള ധനസഹായത്തിന്റെ ഗണ്യമായ ഭാഗം ചെലവു ചെയ്യാത്തതുമൂലം ലാപ്സാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിഹിതത്തിൽ എന്തെങ്കിലും തുക ലാപ്സാകാനിടയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അദ്ധ്യാപക പരിശീലനം യഥാസമയം നടത്താത്തതുമൂലം ഈ പദ്ധതിതന്നെ പരാജയപ്പെടാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഡി.പി.ഇ.പി.ക്കായി ലഭിച്ചിട്ടുള്ള ധനസഹായം ലാപ്സായതായുള്ള റിപ്പോർട്ടുകൾ ശരിയല്ല. ഡി.പി.ഇ.പി. ഒരു തുടർപ്രവർത്തനം ആയതിനാൽ ഒരു നിർദ്ദിഷ്ട വർഷത്തെ പദ്ധതി പ്രവർത്തനത്തിനായി നീക്കിവച്ചിട്ടുള്ള തുക, ആ വർഷംതന്നെ ചെലവായില്ലെങ്കിൽ സ്പിൽ ഓവർ ആക്ടിവിറ്റി ആയി തൊട്ടടുത്ത വർഷം നടത്തുന്നു. ആയതിനാൽ അനുവദിച്ച തുകയൊന്നും ലാപ്സാകുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇല്ല. അദ്ധ്യാപക പരിശീലനം കൃത്യമായി നടത്തിവരുന്നുണ്ട്.

പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ

18 (*197)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക്സിനും പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ വിവരസാങ്കേതിക വിദ്യക്കുമുള്ള പ്രസക്തി പരിഗണിച്ച് കോളേജുകളിൽ തുടങ്ങുന്നതിന്റെ സാദ്ധ്യത മനസ്സിലാക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ;

(ബി) തൊഴിൽ കമ്പോളത്തിലെ മനുഷ്യവിഭവശേഷിയുടെ ആവശ്യകത മനസ്സിലാക്കി അതിനനുസരിച്ച് കോഴ്സുകൾ തുടങ്ങുകയോ നിർത്തലാക്കുകയോ ചെയ്യാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്)

(എ) കോളേജ് വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കാൻവേണ്ട നടപടികൾ സർവകലാശാലകൾ ആരംഭിച്ചിട്ടുണ്ട്. കൺവെൻഷണൽ കോഴ്സുകളുടെ സ്ഥലത്ത് തൊഴിലധിഷ്ഠിത കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള ശുപാർശകൾ സർവകലാശാലകൾ നൽകിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല,

(ബി) നിലവിലുള്ള കോഴ്സുകളെ പുനക്രമീകരണം ചെയ്ത് തൊഴിലധിഷ്ഠിത കോഴ്സുകളാക്കുന്ന പദ്ധതി ഇപ്പോൾ തന്നെ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly